Lalith Babu

**വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ തീർപ്പാക്കുമ്പോൾ മറ്റു നിയമങ്ങളിലെ വ്യവസ്ഥകൾ ബാധകമല്ല. വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ അപേക്ഷ തീർപ്പാക്കാൻ പാടുള്ളൂ**

വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ വിവരാവകാശ നിയമം 7 (1) വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് തീർപ്പാക്കേണ്ടത്. അപേക്ഷകൻ ആവശ്യപ്പെട്ട വിവരം നിരസിക്കുകയാണെങ്കിൽ, വിവരാവകാശ നിയമം 8-ാം വകുപ്പിലോ 9-ാം വകുപ്പിലോ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാരണത്താൽ മാത്രമേ വിവരം നിരസിക്കുവാൻ സാധിക്കുകയുള്ളൂ. വിവരാവകാശ നിയമം 22-ാം വകുപ്പ് പ്രകാരം, മറ്റ് ഏതെങ്കിലും നിയമത്തിലോ, മറ്റ് ഏതെങ്കിലും നിയമത്താൽ പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലോ അസംഗതമായി എന്ത് തന്നെ അടങ്ങിയിരുന്നാലും ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. 2007-ലെ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസിലോ പ്രവേശന പരീക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിരുന്ന പത്രക്കുറിപ്പിലോ എന്ത് തന്നെ വ്യവസ്ഥകൾ ഉൾപ്പെട്ടിരുന്നുവെങ്കിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ വിവരാവകാശ നിയമം 8, 9 വകുപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാരണത്താൽ മാത്രമേ നിരസിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഇവിടെ, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിച്ചത് വിവരാവകാശ നിയമപ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തരസൂചികയുടെ പകർപ്പ് നിരസിച്ചതിന് യാതൊരു കാരണവും ചൂണ്ടികാണിച്ചിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

4. മേൽപറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയുംപ്രകാരം ഉത്തരവാകുന്നു.

അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിച്ചത് വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാത്തതിനാൽ അപ്പീൽ അനുവദിച്ചുകൊണ്ട് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട, 2007-ലെ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് പരീക്ഷയുടെ ചോദ്യ പേപ്പറിന്റെയും ഉത്തര സൂചികയുടെയും പകർപ്പുകൾ ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്.

അപ്പീൽ ഹർജി ഇപ്രകാരം തീർപ്പാക്കി കമ്മീഷൻ 2008 ആഗസ്റ്റ് മാസം 7-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
പാലാട്ട് മോഹൻദാസ്,
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ.

(ഒപ്പ്)
വി. വി. ഗിരി,
ഇൻഫർമേഷൻ കമ്മീഷണർ.